# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ 1648** **02.07.2015 ൽ മറുപടിക്ക്**

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി**

| | ചോദ്യം<br>ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി | | ഉത്തരം<br>ഡോ. എം.കെ.മുനീർ<br>ബഹു.പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി |
|---|---|---|---|
| എ) | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ വിവിധ പ്രവൃത്തികളുടെയും വാങ്ങുന്ന ഉപകരണങ്ങളുടെയും ഗുണനിലവാരം ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കുമോ ; | എ) | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ സമാഹരണത്തിനായി പാലിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ ജി.ഒ.(പി) 259/2010/തസ്വഭവ തീയതി 08.11.2010 (പ്രൊക്യൂർമെന്റ് മാന്വൽ) പ്രകാരം ഉത്തരവായിട്ടുണ്ട്. സമാഹരണ പ്രക്രിയയിൽ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് പ്രസ്തുത മാന്വൽ പ്രകാരമുള്ള നിർദ്ദേശങ്ങൾ പര്യാപ്തമാണ്. |
| ബി) | സർക്കാർ/അർദ്ധ സർക്കാർ ഏജൻസികൾ എന്ന പേരിൽ ഗ്രാമപഞ്ചായത്തുകൾ ടെണ്ടറുകളില്ലാതെ ഉപകരണങ്ങൾ വാങ്ങുന്നത് തടയാൻ ഇ-ടെണ്ടർ സംവിധാനം ഏർപ്പെടുത്തുമോ ; | ബി) | സർക്കാർ/അർദ്ധ സർക്കാർ ഏജൻസികളിൽ നിന്നും വാങ്ങുന്ന ഉപകരണങ്ങളുടെയും ഉല്പന്നങ്ങളുടെയും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി പ്രസ്തുത സ്ഥാപനങ്ങൾ സ്വന്തമായി നിർമ്മിക്കുന്ന ഉല്പന്നങ്ങൾ മാത്രമേ ടെണ്ടർ പ്രക്രിയ കൂടാതെ സമാഹരണം നടത്താവൂ എന്ന് നിഷ്കർഷിച്ചുകൊണ്ട് 10.11.2009 ൽ 17166/എഎ 3/2009/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം |

| | | | |
|---|---|---|---|
| | | | പുറപ്പെടുവിച്ചിട്ടുണ്ട്. 20,000/- രൂപയ്ക്ക് മുകളിൽ വില വരുന്ന സാധനങ്ങൾ മത്സരാധിഷ്ഠിത രീതിയിൽ വാങ്ങുവാൻ ഇ-ടെണ്ടർ സംവിധാനം ഉപയോഗിക്കുവാൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് സാധിക്കുന്നതാണ്. |
| സി) | തെരുവു വിളക്കുകളിൽ എൽ.ഇ.ഡി. ബൾബുകൾ ഉപയോഗിക്കുന്നതിന് മുൻഗണന നല്കുമോ? | സി) | പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി (2012-17) യുടെ പദ്ധതി ആസൂത്രണവും, സബ്സിഡിയും സംബന്ധിച്ച മാർഗ്ഗ രേഖ ഖണ്ഡിക 7.9 പ്രകാരം തെരുവ് വിളക്കുകൾക്ക് എൽ.ഇ.ഡി. ലാമ്പുകൾ മാത്രമേ ഉപയോഗിക്കാവൂ എന്ന നിർദ്ദേശം നല്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**